## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1131 11.06.2019 -ൽ മറുപടിക്ക്**

**<u>പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതിയും ക്രമക്കേടും</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| | **ശ്രീ. ജി. സുധാകരൻ** |
| | **(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

**ശ്രീ.ജോർജ് എം.തോമസ് :**
**ശ്രീ.ബി.ഡി.ദേവസ്സി**
**ശ്രീ.കെ.ഡി.പ്രസേനൻ**
**ശ്രീ.എം.മുകേഷ്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതിയും ക്രമക്കേടും കണ്ടെത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) & (ബി) | പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചു വരുന്നു. 2 കോടിയിൽ കൂടുതൽ തുകയുള്ള വർക്കുകൾക്ക് ഗുണനിലവാര പരിശോധന ഒന്നാം തരം (first time) ചെയ്യുന്നതിന് സൈറ്റിൽ തന്നെ ലാബ് നിർബന്ധമാക്കിയിരിക്കുന്നു. രണ്ടാം തരം (second time) ഗുണനിലവാര പരിശോധനയ്ക്ക് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബും സജ്ജമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റുകൾ ബില്ലിനൊപ്പം നിർബന്ധമാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇത് സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം ലംഘിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ ശിക്ഷാനടപടികൾ |
| (ബി) | ഇതിനായി പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | |

സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിംഗ് ശക്തിപ്പെടുത്തുകയും, മരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുവാനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരാതികളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പോലീസ്, വിജിലൻസ് എന്നീ വിഭാഗങ്ങളുടെ ഇടപെടലുകളും അഴിമതി തടയുന്നതിനു സഹായ-കരമാകുന്നുണ്ട്.

മെയിന്റനൻസ് ചീഫ് എഞ്ചിനീ-യറെ നിയമിച്ച് നൂതന സാങ്കേതികവിദ്യ നടപ്പാക്കുന്നു. റിവൈസ് എസ്റ്റിമേറ്റ് നിരുത്സാഹ പ്പെടുത്തി, എസ്റ്റിമേറ്റ് കൃത്യമാക്കി. മോശപ്പെട്ട കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി ഫൈൻ ചുമത്തി വരുന്നു.

പൊതുമരാമത്ത് വകുപ്പിൽ ലഭിക്കുന്ന പരാതികളുടെയും വിവരങ്ങളുടേയും അടിസ്ഥാനത്തിൽ അന്വേഷണം നടത്തി പൊതുമരാമത്ത് വകുപ്പിലെ സാമ്പത്തിക അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ കർശനമായ അച്ചടക്ക നടപടികൾ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾ 1960 പ്രകാരം സ്വീകരിക്കാറുണ്ട്.

| | | | |
|---|---|---|---|
| (സി) | പൊതുമരാമത്ത് നിർമ്മാണപ്രവൃത്തികൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. കെ.എസ്.ടി.പി. P.I.Cell മുഖാന്തിരമാണ് പരാതികൾ സ്വീകരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളെ സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് ബഹു. പൊതുമരാമത്ത് മന്ത്രിയോട് നേരിട്ട് 1800 425 7771 എന്ന ടോൾ ഫ്രീ നമ്പർ മുഖേന അറിയിക്കാവുന്നതാണ്. |
| (ഡി) | നിർമ്മാണപ്രവർത്തനങ്ങളിൽ ആധുനികവൽക്കരണം ഏർപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണെന്നും അവ പരിഹരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ? | (ഡി) | നിർമ്മാണ പ്രവൃത്തികളിൽ ആധുനികവൽക്കരണം നടപ്പാക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പിൽ സ്വീകരിച്ച് വരുന്നുണ്ട്. നിലവിൽ ആധുനിക സംവിധാനങ്ങളുള്ള യന്ത്ര സാമഗ്രികൾ ലഭ്യമല്ലാത്തതും നിർമ്മാണ മേഖലയിൽ ഇതു സംബന്ധിച്ച വിദഗ്ദരായ തൊഴിലാളികളുടെ ദൗർലഭ്യവും ആധുനികവൽക്കരണത്തിന് വെല്ലുവിളിയാകുന്നുണ്ട്. ഇത് സംബന്ധിച്ച് ഉദ്യോഗസ്ഥർക്കും കരാറുകാർക്കും ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവും നൽകി ഇത് പരിഹരിക്കാവുന്നതും നിർമ്മാണ പ്രവർത്തനങ്ങളിൽ ആധുനികവൽക്കരണം നടപ്പാക്കാവുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**